**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5544.** | **06-07-2012-ൽ മറുപടിയ്ക്ക്**

**തൊഴിലാളി -തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ജോസഫ് വാഴക്കൻ: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തൊഴിലാളി -തൊഴിലുടമ ബന്ധം ശക്തിപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) തൊഴിൽ അനുബന്ധ വിഷയങ്ങളിൽ വിവിധ പരിശീലനങ്ങളിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ച് വരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ളോയ്മെന്റ്, ട്രേഡ് യൂണിയൻ നേതാക്കൾക്കും പ്രതിനിധികൾക്കും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. തൊഴിലാളി തൊഴിലുടമാ ബന്ധം ശക്തിപ്പെടുത്തുവാൻ വിവിധ തൊഴിൽ നിയമങ്ങൾ, ഇൻഡസ്ട്രിയൽ റിലേഷൻസ്, ലീഡർഷിപ്പ്, സ്കിൽ ഡവലപ്പ്മെന്റ്, ട്രേഡ് യൂണിയൻ ആക്ട് തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന/ജില്ലാ തലത്തിലുള്ള വനിതകൾ ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ പ്രതിനിധികൾക്ക് ശില്പശാലകൾ നടത്തിവരുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലാളി-തൊഴിലുടമ ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) ഉണ്ട്. |

(സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(സി) ജില്ലകളിൽ പെട്ടെന്നുണ്ടാകുന്ന മിന്നൽ പണിമുടക്ക് പോലുള്ള തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സമാധാന സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വ്യവസായം, പ്ലാന്റേഷൻ, സ്വകാര്യ ആശുപത്രി, കുട്ടനാട് കാർഷിക മേഖല, ഓട്, ടെക്സ്റ്റയിൽസ്, കയർ, കശുവണ്ടി, പത്ര പ്രവർത്തക സ്ഥാപനങ്ങൾ, ബി.ഇ.എം.എൽ, കള്ള് വ്യവസായം എന്നീ മേഖലകളിൽ വ്യവസായ ബന്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ